കൊറോണ തന്ന പാഠം (മുള്ളൻകൊല്ലി സിഡിഎസ്)

വളരെ വ്യത്യസ്തമായ അനുഭവ കാലം. കൊറോണ തന്ന ഈ പാഠം പഠിക്കാത്ത ആരും ഇന്നി ഭൂമുഖത്ത് ഉണ്ടാവാൻ ഇടയില്ല. ഈ ഇത്തിരിക്കുഞ്ഞൻ കാലചക്രം തിരിച്ച് വീണ്ടും മനുഷ്യനെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിച്ചു.

അതിൽ ലോകത്തിന്റെ എങ്ങാണ്ട് അറ്റത്ത് ഇരിക്കുന്ന ഞാനും ഉൾപ്പെടുന്നു. മാർച്ച് പകുതിയോടെ ഞാനും കേൾക്കാൻ തുടങ്ങി തൊട്ടാൽ പകരുന്ന ഈ മഹാമാരിയെ കുറിച്ച്. ആദ്യം ചിന്തിച്ചത് തന്നെ ഇങ്ങനെയാണ് വിദേശ രാജ്യത്ത് ആണല്ലോ പിന്നെ എന്തിനാ പേടി. പക്ഷേ കൊടുങ്കാറ്റിനെ കാൾ വേഗത്തിൽ അശ്വത്തെ കാൾ സ്പീഡിൽ ഒരു സ്ഥലത്തു നിന്ന് മറ്റൊരിടത്തേക്ക്. മരണം ജനനം കല്യാണം ഉത്സവം ആഘോഷം ഇവയെല്ലാം ആള് കൂടാതെ മാത്രം. ആഘോഷങ്ങളും ആരവങ്ങളും ഇല്ല. മരണത്തിൽ പോലും ഏകനായി പോകുന്നു. രോഗബാധിതനെ പോലും തിരിഞ്ഞു നോക്കാത്ത അവസ്ഥ. ഒറ്റപ്പെടലിന്റെ വീർപ്പുമുട്ടൽ ലോകമെങ്ങും.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി എസ് ടി വയോജനങ്ങൾ അടക്കം 286 അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന കുടുംബശ്രീ സിഡിഎസ് ഓഫീസ് മാർച്ച് 23 വരെ തുറന്നു പ്രവർത്തിച്ചു. പിന്നെ സമ്പൂർണ്ണ ലോക ഡൗൺ പ്രഖ്യാപനം. അപ്പോഴും കാര്യത്തിലെ ഗൗരവം വരുന്നില്ല. ഇന്നല്ലെങ്കിൽ നാളെ എല്ലാം ശുഭം ആകും എന്ന വിശ്വാസം. പക്ഷേ നിലയ്ക്കുന്നില്ല പ്രവാഹം. വയനാട് ആശ്വസിച്ചിരുന്ന കാലം.പക്ഷെ വയനാട്ടിലും പിടിപ്പെട്ടു കൊറോണ.

ജനിപ്പിച്ച മാതാപിതാക്കൾക്ക് പോലും വിലയില്ലാത്ത കാലം ആയി മനുഷ്യരുടെ ഇടയിൽ. ഇവിടെയും കാലചക്രം ഉണ്ടായാലും വ്യത്യാസമില്ലാത്തത് മൃഗങ്ങൾക്കും സസ്യജാലങ്ങൾക്കും മാത്രം. എത്ര പീഡ സഹിച്ചാലും ചുരത്തുന്ന അകിടും പൂക്കുന്ന ചില്ലയുമായി ഇവ ഇന്നും മനുഷ്യന് വസന്തം തരുന്നു.

ഈ ചെറിയ ഒരു സൂക്ഷ്മജീവിയെ കൊണ്ട് മനുഷ്യനെ ഒരു പാഠം പഠിപ്പിക്കാൻ ആയി. മാർച്ച് 23 വരെ നല്ല രീതിയിൽ ഓഫീസിൽ പോയിരുന്ന ഞങ്ങൾ പിന്നീട് വീട്ടിലേക്ക് ഒതുങ്ങി. ഇതിനിടെ പഞ്ചായത്തിലും കുടുംബശ്രീയും വാട്സപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആശയവിനിമയം നടത്തി. പിന്നെ അന്യ സംസ്ഥാനത്തു നിന്നും പണികൾക്ക് കൊണ്ടുവന്ന ആളുകൾക്ക് ആരാണ് അവരെ കൊണ്ടുവന്നത് അവരവർ തന്നെ അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണം ഏറ്റെടുക്കണമെന്ന് തീരുമാനമുണ്ടായി. കൂടാതെ നമ്മുടെ നാട്ടിൽ ഒറ്റപ്പെട്ട വർക്കും നിവൃത്തിയില്ലാത്ത വരുടെയും ലിസ്റ്റ് വാർഡ് മെമ്പർമാരുടെ സഹായത്തോടുകൂടി തയ്യാറാക്കുകയും കുടുംബശ്രീ

കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം അവരുടെ കൈകളിൽ എത്തിക്കുക എന്നത് നമ്മൾ കണ്ട ഏറ്റവും ശരിയായ മാർഗം ആയിരുന്നു. അത് വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം. മുള്ളൻകൊല്ലി പഞ്ചായത്തിലെ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കൈരളി കാറ്ററിംഗ് യൂണിറ്റിലെ സന്ധ്യ വിജേഷ്, സിമി സജി, ഷേർലി ജോൺ എന്നിവർ ആ ദൗത്യം ഏറ്റെടുത്തു. സിഡിഎസ് ചെയർപേഴ്സൺ പങ്കാളിത്തത്തോടെ യൂണിറ്റ് അംഗങ്ങൾ ആത്മാർത്ഥതയോടെ ജനകീയ ഹോട്ടലായി പ്രവർത്തിച്ചുവരുന്നു. മിക്ക ദിവസങ്ങളിലും സിഡിഎസ് ചെയർപേഴ്സൺ തന്നെ പഞ്ചായത്ത് വണ്ടിയിൽ ഭക്ഷണ വിതരണത്തിനായി പോകേണ്ടതായി വന്നിട്ടുണ്ട്. സിഡിഎസ് കീഴിലുള്ള മുഴുവൻ ജെ എൽ ജി കളും പച്ചക്കറികൾ, തേങ്ങാ വെളിച്ചെണ്ണ വാഴക്കുല മുതലായ സാധനങ്ങൾ കിച്ചണിലേക്ക് ഫ്രീയായി നൽകി. ഇപ്പോഴും കിച്ചണിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ജെ എൽ ജി കളിൽനിന്നും സംഭരിക്കുന്നു. ചില കുടുംബശ്രീ അയൽക്കൂട്ടങ്ങൾ അരി വാങ്ങി കിച്ചണിലേക്ക് നൽകിയിട്ടുണ്ട്. ചില വ്യക്തികൾ വിറകുകൾ സംഭാവന ചെയ്തു. ഇങ്ങനെ ഒരു നാടടക്കം നമ്മുടെ കമ്മ്യൂണിറ്റി കിച്ചണിലേക്ക് വളരെ നല്ല സഹകരണം തരുന്നുണ്ട്.





പഞ്ചായത്തിനെയും ആരോഗ്യ വകുപ്പിനെയും ഭാഗത്തുനിന്ന് നല്ല രീതിയിലുള്ള ഇടപെടലുകൾ ലഭിക്കുന്നു. ആദ്യഘട്ടത്തിൽ ജില്ലാ മിഷനിൽ നിന്നു ലഭിച്ച മാസ്കുകൾ വിതരണം ചെയ്തു. mask ഇന്റെ ഉപയോഗം വിശദീകരിച്ചു കൊടുക്കുകയും ചെയ്തു.

കൊറോണ യുടെ വ്യാപനം കാരണം അയൽക്കൂട്ടങ്ങളുടെ യോഗങ്ങൾ നിർത്തിവെക്കാനും സമ്പാദ്യ പിരിവ് നിർത്തിവയ്ക്കാനും അയൽക്കൂട്ടങ്ങൾക്ക് നിർദ്ദേശം നൽകി. ബാങ്ക് ലോണുകൾ ജെ എൽ ജി ലോണുകൾ കുടിശ്ശിക വരുമെന്ന് പേടിയും ബാങ്കുകൾ ഗ്രൂപ്പുകളെ നിരന്തരം വിളിച്ച് അടച്ചില്ലെങ്കിൽ പലിശ വളരെ ആകുമെന്നും അറിയിച്ചതിനെത്തുടർന്ന് ജില്ലാ മിഷൻ കോർഡിനറ്റർ ബഹുമാനപ്പെട്ട സാജിത മാഡത്തിന് വീഡിയോ ആശ്വാസമാവുകയും എല്ലാ അയൽക്കൂട്ട അംഗങ്ങളെയും ബാങ്ക് കാരുമായി സംസാരിച്ചു തീരുമാനിച്ച കാര്യങ്ങൾ അറിയിക്കുകയും ചെയ്തു. സർക്കാരിന്റെ സഹായഹസ്ത ലോൺ കുടുംബശ്രീ കൾക്ക് ലഭിക്കുമെന്ന് ആയതോടെ ഫോണിന് റെസ്റ്റ് ഇല്ലാതായി. ജെ എൽ ജി ലോണിന്റെ പലിശയെ കുറിച്ച് ആശങ്കപ്പെട്ട ഗ്രൂപ്പിലെ നാലുപേരെയും വിളിച്ച് സംശയനിവാരണം നടത്തി.







മാർച്ച് വരെയുള്ള പോഷകാഹാരങ്ങൾ ആശ്രയ ഗുണഭോക്താക്കൾക്കായി നൽകുവാൻ സാധിച്ചു. ഓഫീസിൽ വന്ന് പോഷകാഹാരം കൈപ്പറ്റാൻ സാധിക്കാതിരുന്ന വ്യക്തികൾക്ക് പഞ്ചായത്തിന്റെ വണ്ടിയിൽ അവരവരുടെ വീടുകളിൽ എത്തിച്ചു കൊടുക്കാൻ സാധിച്ചു.

ന്യൂസ് പേപ്പറിൽ വന്ന ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ വ്യക്തിയുടെ വീട്ടിൽ പഞ്ചായത്ത് പ്രസിഡണ്ടിനെ കൂടെ രണ്ട് പ്രാവശ്യം സന്ദർശനം നടത്തി പ്രസ്തുത വ്യക്തി ലിസ്റ്റിൽ പെടാത്തതും വിശദീകരണം പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം കൈമാറുകയും ചെയ്തു.

ബഹുമാനപ്പെട്ട ജില്ലാ കളക്ടർ അദീല അബ്ദുള്ള ഒപ്പം ജില്ലാ മിഷൻ കോർഡിനേറ്റർ സാജിത മാധവും പഞ്ചായത്ത് പ്രതിനിധികളുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുകയും അത് അനുസരിച്ച് താഴെ തട്ടിലേക്ക് കാര്യങ്ങൾ അറിയിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

പ്രധാനപ്പെട്ട വാർത്തകൾ വാട്സാപ്പ് വഴി താഴെ തട്ടിലേക്ക് നൽകിക്കൊണ്ടിരുന്നു.





വയോജനങ്ങളെ വീട്ടിൽ തന്നെ ഇരുത്താനുള്ള നിർദ്ദേശങ്ങൾ അയൽക്കൂട്ടങ്ങൾക്ക് നൽകി ആവശ്യമുള്ള മരുന്നുകൾ മറ്റു സാധനങ്ങൾ ആരോഗ്യപ്രവർത്തകരും ആയി ബന്ധപ്പെടുത്തി ലഭ്യമാക്കുകയും ചെയ്തു.

സിഡിഎസ് എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് വിവരങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി നൽകിക്കൊണ്ടിരിക്കും അതനുസരിച്ച് അംഗങ്ങൾ എല്ലാം തന്നെ വളരെ നല്ല രീതിയിൽ താഴെത്തട്ടിൽ പ്രവർത്തിക്കുകയും ചെയ്തു വരുന്നു

മറ്റ് അസുഖങ്ങളെ പോലെയോ മാറാവ്യാധിയായി പോലെയോ അല്ലാത്ത ഒരു അവസ്ഥയെ ചെറുത്തു തോൽപ്പിക്കാൻ നമ്മൾ ഓരോരുത്തരും മുഖംമറച്ച് ശുചിത്വം പാലിച്ച് കൈകൾ കോർത്തു പിടിക്കാതെ കൈകൾ കഴുകി കഴുകി കുടുംബത്തോടൊപ്പം രണ്ടുമാസം പിന്നിടുകയാണ്. അച്ഛനും മക്കളും വല്യച്ചനും വല്യമ്മയും ഉള്ള വീട്ടിൽ പരസ്പരം കാണാനും മിണ്ടാനും നേരമില്ലാതെ ആയിരുന്നു ഇതുവരെ. അതിനൊക്കെ ഒരു വിരാമമായി

പ്രായമായവരെ വീട്ടിൽ നിർത്താം വിദേശത്ത് പോയവർ മടങ്ങി വീട്ടിൽ എത്തിയിട്ടുണ്ട്. രണ്ട് പച്ചക്കറി തൈ നടാൻ ഉള്ള നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് എല്ലാവരുടെ വീടുകളിലും പച്ചക്കറികൾ പച്ചക്കറികൾ നടുകയും ചെയ്തുവരുന്നു

ബാലസഭാ കുട്ടികൾക്കായി കലാപരമായ അവരുടെ കഴിവുകളെ വികസിപ്പിക്കുവാനും പഠന നിലവാരം മെച്ചപ്പെടുത്തുവാൻ കലാപരമായ സൃഷ്ടികളെ വാട്സാപ്പ് വഴി ശേഖരിക്കുകയും ക്വിസ് കോമ്പറ്റീഷൻ നടത്തുകയും പച്ചക്കറി തോട്ടം പൂന്തോട്ടം എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

മുഖ്യ CMHLS മുഖ്യമന്ത്രിയുടെ സഹായഹസ്തം ലോൺ 243 അയൽക്കൂട്ടങ്ങളുടെ അപേക്ഷ വിവിധ ബാങ്കുകളിൽ സമർപ്പിച്ച ലോൺ നൽകാൻ സാധിച്ചു. തൊഴിലുറപ്പു മേഖല സാമൂഹിക അകലം പാലിച്ച് മാസ്ക് ധരിച്ച് സുരക്ഷിതത്വം ഉറപ്പാക്കി ഉണർന്നു പ്രവർത്തിക്കുന്നു. തൊഴിലുറപ്പു മേഖലയിലേക്കുള്ള മാസ്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിവരുന്നു പുറമേ മാർക്ക് വേണ്ടവർക്ക് 10 രൂപ നിരക്കിൽ മാസ്ക് സിഡിഎസ് ഓഫീസിലും ലഭ്യമാകുന്ന വിധം സംവിധാനം ചെയ്തിട്ടുണ്ട്.

മറ്റ് പരിമിതികളെ മറികടക്കാൻ ബാങ്കുമായി ചേർന്ന് ലോണുകൾ ജെ എൽ ജി ലിങ്കേജ് ലോണുകൾ നൽകിവരുന്നു. ആരോഗ്യ പ്രവർത്തകരും ആശാവർക്കർ മാരും എഡിഎസ് മാരും ഒത്തൊരുമിച്ച് സഹകരിച്ച നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. മെയ് 4 മുതൽ എല്ലാ ദിവസവും ഓഫീസിലെത്തി ആവശ്യ കാര്യങ്ങൾ ചെയ്തു വരുന്നു.

ഈയൊരു വിപത്തിനെതിരെ പൊരുതിയ എല്ലാവർക്കുമായി നന്ദി അർപ്പിച്ചു കൊണ്ട് എല്ലാം ശുഭമായി പര്യവസാനിക്കാനായി പ്രാർത്ഥിച്ചുകൊണ്ട്......